# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2345**

**19.07.2016 - ൽ മറുപടിക്ക്**

### നെൽകർഷകർക്ക് വിത്തുവാങ്ങാനുള്ള സബ്സിഡി

**ചോദ്യം**

**ശ്രീ.റോഷി അഗസ്റ്റിൻ**
**ശ്രീ.മോൻസ് ജോസഫ്**
**ശ്രീ.സി.എഫ്.തോമസ്**
**ശ്രീ.ഡോ.എൻ. ജയരാജ്**

**മറുപടി**

**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| **എ)** നെൽകർഷകർ വാങ്ങുന്ന വിത്തുകൾക്ക് സബ്സിഡി നൽകുന്നുണ്ടോ; വ്യക്തമാക്കുമോ; | **എ)** നെൽകർഷകർ വാങ്ങുന്ന വിത്തുകൾക്ക് സുസ്ഥിര നെൽകൃഷി വികസന പദ്ധതി, രാഷ്ട്രീയ വികാസ് യോജന പദ്ധതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ ഇവയിലൂടെ സബ്സിഡി ലഭ്യമാകുന്നതാണ്. അർഹത അനുസരിച്ച് പരമാവധി 100 ശതമാനം വരെ സബ്സിഡി നൽകി വരുന്നുണ്ട്. |
| **ബി)** ഇപ്രകാരം സബ്സിഡി ലഭിക്കുന്നതിന് പ്രത്യേകം നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | **ബി)** അംഗീകൃത ഏജൻസികളിൽ നിന്നും വിത്ത് വാങ്ങുന്ന കർഷകർക്ക് സബ്സിഡി അനുവദിക്കുന്നുണ്ട്. |
| **സി)** ഇതര സംസ്ഥാനങ്ങളിൽ നിന്നും നാഷണൽ സീഡ് കോർപ്പറേഷനിൽ നിന്നും ലഭ്യമാകുന്ന വിത്തുകൾക്ക് സബ്സിഡി നൽകാറുണ്ടോ; വ്യക്തമാക്കുമോ; | **സി)** ഇതര സംസ്ഥാനങ്ങളിൽ നിന്നും നാഷണൽ സീഡ് കോർപ്പറേഷൻ ഉൾപ്പെടെ അംഗീകൃത ഏജൻസികളിൽ നിന്നും ലഭ്യമാകുന്ന വിത്തുകൾക്ക് സബ്സിഡി അനുവദിക്കുന്നുണ്ട്. |
| **ഡി)** സബ്സിഡി നൽകുന്നതിലെ നിയന്ത്രണങ്ങൾമൂലം കുട്ടനാട്ടിലെയും മറ്റും കർഷകർ മെച്ചപ്പെട്ടതും ഗുണനിലവാരമുള്ളതുമായ വിത്തുകൾ വാങ്ങാൻ കഴിയാതെ പ്രയാസമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? വ്യക്തമാക്കുമോ? | **ഡി)** ഉണ്ട്. കർഷകർക്ക് ഏത് അംഗീകൃത ഏജൻസിയിൽ നിന്ന് വിത്തു വാങ്ങിയാലും അതിനുള്ള സബ്സിഡി അനുവദിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Swapna

**സെക്ഷൻ ഓഫീസർ**